# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1137 05.03.2018 -ൽ മറുപടിക്ക്

## പുതിയ റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ . പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ; | (എ) | ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | 6-2-2018-ലെ സ.ഉ(കൈ)നം.45/18/റവ പ്രകാരം 5 റവന്യൂ ഡിവിഷണൽ ഓഫീസുകൾക്കായി 120 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത റവന്യൂ ഡിവിഷണൽ ഓഫീസുകളിൻ കീഴിൽ ബന്ധപ്പെട്ട താലൂക്കുകളെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസുകൾ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വിവരം റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത ഓഫീസുകൾക്കായി ഏതൊക്കെ തസ്തികകളാണ് പുതിയതായി അനുവദിച്ചതെന്ന് അറിയിക്കാമോ? | (സി) ഓരോ റവന്യൂ ഡിവിഷണൽ ഓഫീസുകൾക്കായി താഴെപ്പറയും പ്രകാരം 24 തസ്തികകൾ വീതം പുതിയതായി അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| റവന്യൂ ഡിവിഷണൽ ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 2 |
| സീനിയർ ക്ലർക്ക് | 6 |
| ക്ലർക്ക് | 6 |
| സി.എ | 1 |
| ടൈപ്പിസ്റ്റ് | 2 |
| ഡ്രൈവർ | 1 |
| അറ്റൻഡർ | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| | 24 (ഒരു റവന്യൂ ഡിവിഷണൽ ഓഫീസ്) |

**സെക്ഷൻ ഓഫീസർ**